(ബി) തമിഴ്നാട്ടിലെ ഡോ. എം.ജി.ആർ. യൂണിവേഴ്സിറ്റി ഓഫ് ഇൻഡ്യൻ നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാൽ അവിടെ പഠിച്ച നിരവധി പേർക്ക് തമിഴ്നാട്ടിനു പുറത്തു ജോലി ചെയ്യാൻ കഴിയുകയില്ല.

(സി) ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ, ഇൻഡ്യൻ നഴ്സിംഗ് കൗൺസിൽ എന്നിവയുടെ അംഗീകാരം വാങ്ങാൻ നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട യൂണിവേഴ്സിറ്റിയും സംസ്ഥാന ഗവൺമെന്റുമാണ്.

മെഡിക്കൽ വിദ്യാഭ്യാസവകുപ്പിൽ സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡങ്ങൾ

155 (813)ശ്രീ. കെ. അച്യുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സ്ഥലം മാറ്റത്തിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനു വിരുദ്ധമായി ഈ വർഷം സ്ഥലമാറ്റം നടത്തിയിട്ടുണ്ടോ;

(സി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിലേയും ദന്തൽ കോളേജിലേയും അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാരെ പരസ്പരം സ്ഥലം മാറ്റിയത് മാനദണ്ഡം പാലിച്ചാണോ;

(ഡി) സ്ഥലം മാറ്റപ്പെട്ടവർ സ്ഥലംമാറ്റം ആവശ്യപ്പെട്ടിരുന്നുവോ;

(ഇ) ഇല്ലെങ്കിൽ ഇവരെ സ്ഥലം മാറ്റിയതിന്റെ കാരണം വ്യക്തമാക്കുമോ;

(എഫ്) ഇത് പുന:പരിശോധിക്കണമെന്ന് വ്യക്തികളോ ഏതെങ്കിലും സർവ്വീസ് സംഘടനയോ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ നിവേദനം നൽകിയത് ആരാണെന്നും അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും അറിയിക്കുമോ;

(എഫ്) മാനദണ്ഡങ്ങൾക്ക് വിരുദ്ധമായിട്ടാണ് ഈ സ്ഥലം മാറ്റം നടത്തിയതെങ്കിൽ അത് പുന:പരിശോധിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഒരു സ്റ്റേഷനിൽനിന്നും മറ്റൊരു സ്റ്റേഷനിലേക്കുള്ള സ്ഥലം മാറ്റത്തിനാണ് മാനദണ്ഡം നിശ്ചയിച്ചിരിക്കുന്നത്. ഈ കേസിൽ സ്റ്റേഷൻ മാറ്റം നടന്നിട്ടില്ല. അടുത്തടുത്ത രണ്ട് ആഫീസുകളിലേക്കു പരസ്പരം മാറ്റുകയാണുണ്ടായത്.

(ഡി) ഇല്ല

(ഇ) ഓഫീസുകളുടെ ഭരണപരമായ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടിയാണ് പരസ്പരം മാറ്റിയത്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്)&(ജി) തിരുവനന്തപുരം ദന്തൽകോളേജിലേക്ക് സ്ഥലംമാറ്റിയ ശ്രീ. വിശ്വനാഥപിള്ള ഹെൽത്ത് സെക്രട്ടറിക്ക് നിവേദനം നൽകിയിട്ടുണ്ട്. അതു പരിശോധിച്ചുവരുന്നു.

(എച്ച്) ഓഫീസുകളുടെ ഭരണപരമായ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടിയാണ് പരസ്പരം മാറ്റിയത്.

പീഡിയാട്രിക് സൈക്കോളജി ഡിപ്പാർട്ടുമെന്റ്

156 (814) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പീഡിയാട്രിക് സൈക്കോളജി ഡിപ്പാർട്ടുമെന്റ് ആരംഭിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

തൃശ്ശൂർ മെഡിക്കൽ കോളേജിലെ ഡിപ്പാർട്ടുമെന്റുകൾ

157 (815) ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ എത്ര ഡിപ്പാർട്ടുമെന്റുകൾ പ്രവർത്തിക്കുന്നുണ്ട്; ഇവ ഏതെല്ലാം;

(ബി) ഓരോ ഡിപ്പാർട്ടുമെന്റിലും ഇപ്പോൾ അനുവദിച്ചിട്ടുള്ള തസ്തികകൾ എത്ര;

(സി) ഓരോ ഡിപ്പാർട്ടുമെന്റിലും എത്ര ഒഴിവുകളുണ്ട്;

(ഡി) ഈ ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) തൃശ്ശൂർ മെഡിക്കൽ കോളേജ് പൂർണ്ണമായും മുളങ്കുന്നത്തുകാവിൽ പ്രവർത്തിക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ;

(എഫ്) ഈ തടസ്സം മാറ്റി കോളേജ് ആശുപത്രി മാറ്റി സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ താഴെപ്പറയുന്ന ഡിപ്പാർട്ടുമെന്റുകൾ പ്രവർത്തിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly